ലഘുലേഖ

# എനിക്കെങ്ങനെ മുസ്‌ലിം ആകാം?


തയ്യാറാക്കിയത്

**ഡോക്ടർ ഹൈഥം ബിൻ മുഹമ്മദ് സർഹാൻ**

മസ്ജിദുന്നബവി മഅ്ഹദ് മുൻ അധ്യാപകൻ
ഡയറക്ടർ - മഅ്ഹദു സ്സുന്ന



വിവർത്തനം: അബൂഅബ്ദില്ലാഹ് സ്വലാഹി

https:/mahadussunna.com/



ഇതിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്താതെ ഏതൊരു മുസ്‌ലിമിനും
പ്രസിദ്ധീകരിക്കാവുന്നതാണ്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻ്റെ തിരുനാമങ്ങളിൽ

| ചോദ്യം | ഉത്തരം |
|---|---|
| ഇസ്‌ലാമിക പ്രവേശനം എളുപ്പമാണോ? | അതേ, അത് എളുപ്പമാണ്. അതിനായി മധ്യവർത്തികളുടെയോ ആചാരങ്ങളുടെയോ ആവശ്യം ഇല്ല. |
| ഞാൻ വേഗം മുസ്‌ലിമാവുകയാണോ വേണ്ടത്? അതല്ല അനിയോജ്യമായ സമയം കാത്തിരിക്കുകയാണോ വേണ്ടത്? അല്ലങ്കിൽ പ്രതിസന്തികൾ തീർന്നതിന് ശേഷമാണോ മുസ്‌ലിം ആകേണ്ടത്? | എത്രയും വേഗം മുസ്‌ലിമാവുകയാണ് വേണ്ടത്. കാത്തിരിക്കുന്നത് ചിലപ്പോൾ അപകടമാകാം. ഏത് സമയവും മരണം പിടികൂടാം. ഇസ്‌ലാമിക പ്രവേശനം ലാഭക്കച്ചവടം പോലെയാണ്. എത്ര നേരത്തെ ലാഭക്കച്ചവടത്തിൽ ഏർപ്പെടുന്നുവോ അത്രയും ലാഭം അധികമായി നേടാം. |
| മുസ്‌ലിമാകാൻ ഉദ്ദേശിക്കുന്നവൻ എന്താണ് ചെയ്യേണ്ടത്? | അല്ലാഹു അല്ലാതെ ആരാധനക്കർഹൻ മറ്റാരും ഇല്ലന്നും മുഹമ്മദ് നബി അവന്റെ ദൂതനും അടിമയുമാണ് എന്ന രണ്ട് സാക്ഷ്യ വാചകങ്ങൾ അവൻ ഉരിവിടുകയാണ് വേണ്ടത് |
| ഏതു ഭാഷയിലാണ് അത് ഉരുവിടേണ്ടത്. | അറിയാവുന്ന ഏത് ഭാഷയിലും ഉരുവിടാവുന്നതാണ്. അറബി ഭാഷയിൽ ആകണമെന്ന നിബന്ധനയൊന്നുമില്ല. |
| അർഥം മനസ്സിലാക്കാതെ അത് പറഞ്ഞാൽ മതിയോ? | മതിയാവുകയില്ല, അർഥമറിയലും അതിൽ ഉൾകൊള്ളുന്ന കാര്യങ്ങൾ |

| ചോദ്യം | ഉത്തരം |
|---|---|
| | വിശ്വസിക്കലും അതിനനുസൃതമായി പ്രവർത്തിക്കലും നിർബന്ധമാണ്. |
| അശ്ഹദു (ഞാൻ സാക്ഷ്യം വഹിക്കുന്നു) എന്നത് കൊണ്ട് എന്താണ് അർഥമാക്കുന്നത്. | എന്റെ ഹൃദയം കൊണ്ട് അംഗീകരിക്കുകയും തിരിച്ചറിയുകയും ചെയ്തു കൊണ്ടും, എന്റെ നാവ് കൊണ്ട് ഞാൻ പറഞ്ഞു കൊണ്ടും എന്റെ ശരീരം കൊണ്ട് പ്രവർത്തിക്കുന്നു എന്നുമാണ് അതുകൊണ്ട് അർഥമാക്കുന്നത് |
| ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ അർഥം എന്താണ്? | അല്ലാഹു അല്ലാതെ ആരാധനക്കർഹൻ മറ്റാരും ഇല്ല എന്നാണ് അതിന്റെ അർഥം |
| അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു എന്നതിന്റെ അർഥം എന്താണ്.? | തീർച്ചയായും മുഹമ്മദ് നബി അല്ലാഹുവിന്റെ അടിമയാണ് ആരാധിക്കപ്പെടേണ്ടവൻ അല്ല, ദൂതനാണ് കളവാക്കപ്പെടേണ്ടവൻ അല്ല എന്നാണ്. നബി പറഞ്ഞ കാര്യങ്ങൾ സത്യപ്പെടുത്തലും കൽപ്പനകൾ അനുസരിക്കലും വിരോധിച്ച കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കലും അവിടുത്തെ ചര്യകളെ അനുധാവനം ചെയ്യലും ഈ സാക്ഷ്യ വാചകം കൊണ്ട് അനിവാര്യമാകും. |
| എനിക്ക് കാര്യങ്ങൾ നന്നായി മനസ്സിലായി, ഇനി ഞാൻ എന്താണ് ചെയ്യേണ്ടത്? | ഞാൻ ചൊല്ലുന്നത് പോലെ ആവർത്തിക്കുക: അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ |

| ചോദ്യം | ഉത്തരം |
|---|---|
| | റസൂലുഹു (അല്ലാഹു അല്ലാതെ ആരാധനക്കർഹൻ മറ്റാരും ഇല്ലന്നും മുഹമ്മദ് നബി അവന്റെ ദൂതനും അടിമയുമാണ് എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു) |
| ഞാൻ ഇപ്പോൾ മുസ്ലിം ആണോ? | അതെ, സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. ഇത് നിനക്ക് അല്ലാഹു നൽകിയ അനുഗ്രഹമാണ്. |
| ഒരു മുസ്ലിം എന്ന നിലയിൽ എന്നോട് എന്താണ് താങ്കക്ക് ഉപദേശിക്കാനുള്ളത്? | തന്റെ മതത്തിലായി എന്നെ ഉറപ്പിച്ച് നിർത്തണേ എന്ന് അല്ലാഹുവിനോട് നീ പ്രാർഥിക്കുക. മതത്തിൽ ഉറച്ച് നിൽക്കാൻ സഹായകമാകുന്ന നല്ല കൂട്ടുകെട്ട് നീ തെരഞ്ഞെടുക്കുക. ഇസ്ലാം നീ പഠിക്കുക. വിശ്വാസം ശക്തിപ്പെടുന്നത് വരെ നിന്റെ വിശ്വാസത്തെ നീ മറച്ച് വെക്കുകയും ചെയ്യുക. |
| ഏതാണ് ഏറ്റവും ശ്രേഷ്ഠമായ പ്രർഥന? | നേരായ മാർഗത്തിൽ നീ ഞങ്ങളെ നയിക്കേണമേ (സൂറത്തുൽ ഫാതിഹ) |
| എളുപ്പം ചൊല്ലാവുന്ന ദിക്ർ ഏതാണ് ? | എളുപ്പം ചൊല്ലാവുന്ന ദിക്ർ ‘ബിസ്മില്ലാഹ്’ (അല്ലാഹുവിന്റെ നാമത്തിൽ) എന്നതാണ്.<br><br>പള്ളിയിലും വീട്ടിലും കയറുമ്പോളും ഇറങ്ങുമ്പോളും ക്വുർആൻ പാരായണം ചെയ്യുമ്പോളും കുളിമുറിയിൽ പ്രവേശിക്കുമ്പോളും, വസ്ത്രം അഴിക്കും മുമ്പും, അംഗശുദ്ധി |

| ചോദ്യം | ഉത്തരം |
|---|---|
| | വരുത്തും മുമ്പും ആഹാര പാനീയങ്ങൾ കഴിക്കും മുമ്പും മറ്റും സന്ദർഭങ്ങളിൽ എല്ലാം ചൊല്ലാവുന്ന ദിക്ർ ആണത്. |
| ഞാൻ മുസ്‌ലിമാകുന്നതിന്റെ മുമ്പ് ചെയ്ത തെറ്റുകളുടെ വിധിയെന്താണ്? | വ്യക്തി ബാധ്യതകൾ ഒഴിച്ച് ബാക്കിയുള്ള എല്ലാ പാപങ്ങളും മുസ്‌ലിമാകുന്നതോടെ പൊറുക്കപ്പെടും. വ്യക്തികളുമായി ബന്ധപ്പെട്ട എല്ലാ ബാധ്യതകളും അതിന്റെ അവകാശികൾക്ക് തിരിച്ച് നൽകണം. അത് നിർബന്ധമാണ്. |
| ശഹാദത്ത് ചൊല്ലിയതിന് ശേഷം എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ? | നീ കുളിച്ച് ശുദ്ധിയാകൽ നിർബന്ധമാണ്. |
| എന്തിനാണ് ഞാൻ കുളിക്കേണ്ടത്? | ഒന്നാമതായി: ഒരു മുസ്‌ലിം എന്ത് കൊണ്ട് എന്ന് ചോദിക്കുകയില്ല എന്ന് നീ അറയിയണം. ഞാൻ കേട്ടിരിക്കുന്നു അനസരിച്ചിരിക്കുന്നു (സൂറത്തുന്നൂർ 51 ) എന്നു മാത്രമാണ് പറയേണ്ടത്.<br><br>രണ്ടാമതായി: നീ ആത്മീയ ശുദ്ധീകരണം നടത്തിയത് പോലെ ശരീര ശുദ്ധിയും വരുത്തേണ്ടതിനാലാണ്. |
| ശരി, എങ്ങനെയാണ് ഞാൻ കുളിക്കേണ്ടത്? | കുളിക്കുന്നു എന്ന് മനസിൽ കരുതി ബിസ്മില്ലാഹ് (അല്ലാഹുവിന്റെ നാമത്തിൽ) എന്ന് പറഞ്ഞ് ശരീരത്തിൽ മുഴുവനും വെള്ളം ഒഴിക്കുക. |

| ചോദ്യം | ഉത്തരം |
|---|---|
| കുളി കഴിഞ്ഞ് എന്താണ് ചെയ്യേണ്ടത്? | നിസ്കാരസമയം ആയാൽ നീ നിസ്കരിക്കുക. |
| നിസ്കാരം എനിക്ക് പ്രയാസമാണ്. അതിൽ എന്തെല്ലാം പറയണം, നിർവ്വഹിക്കണം എന്നൊന്നും എനിക്ക് നന്നായി അറിയില്ല. | ഭയപ്പെടണ്ട, ഇസ്ലാം എളുപ്പമുള്ള മതമാണ്. പ്രയാസമുള്ള മതമല്ല. സർവ്വ സ്തുതിയും അനുഗ്രഹങ്ങളും അല്ലാഹുവിനാകുന്നു. |
| ഞാൻ എങ്ങനെയാണ് നിസ്കരികേണ്ടത്? | ഞാൻ നിസ്കരിക്കുന്നത് പോലെ നീയും എന്നെ തുടരുക. നിസ്കാരം പഠിപ്പിക്കപ്പെടുന്ന വീഡിയോ ശകലങ്ങൾ നീ കാണുക. വ്യത്യസ്ഥ ഭാഷകളിൽ മഅ്ഹദു സുന്നയുടെ ചാനലിൽ അത് ലഭ്യമാണ്. ഈ ലഘുലേഖയുടെ അവസാനത്തിൽ അതിൻ്റെ ലിങ്ക് ചേർത്തിട്ടുണ്ട്. |
| നിസ്കാരം കഴിഞ്ഞാൽ പിന്നെ എന്താണ് ഞാൻ പഠിക്കേണ്ടത്? | ഇസ്ലാം സ്ഥാപിക്കപ്പെട്ടിട്ടുള്ള അതിൻ്റെ പഞ്ച സ്തംഭങ്ങളും, ശേഷം ഈമാനിന്റെ തൂണുകളും, വിശ്വാസ കർമ്മ കാര്യങ്ങൾ ശരിയാകാനും പൂർത്തീകരിക്കാനും ആവശ്യമായ എല്ലാം നീ പഠിക്കുക |
| എനിക്ക് മതകാര്യങ്ങൾ പഠിക്കാൻ പറ്റിയ നല്ല വെബ്സൈറ്റുകൾ ഏതല്ലാമാണ്? | സുഊദി അറേബ്യയിലെ വലിയ പണ്ഡിതൻമാരുടെയും, അവിടെയുടെ മത പ്രബോധക കൂട്ടായ്മകളുടെയും വെബ് സൈറ്റുകൾ സന്ദർശിക്കാനാണ് ഞാൻ നിർദ്ദേശിക്കുന്നത്. |

| ചോദ്യം | ഉത്തരം |
|---|---|
| അമുസ്‌ലിംകളായ എന്റെ ബന്ധുക്കളോട് എങ്ങനെയാണ് ഞാൻ പെരുമാറേണ്ടത് ? | നബി തന്റെ അമുസ്‌ലിം ബന്ധുക്കളോട് പെരുമാറിയത് പോലെ നീയും പെരുമാറുക. നബി തൻ്റെ നാവ് കൊണ്ടും സ്വഭാവം കൊണ്ടും പെരുമാറ്റം കൊണ്ടു മെല്ലാം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്നു. |
| മുസ്‌ലിം ആകാൻ ആഗ്രഹിക്കുന്നവർ ഉണ്ട്. എന്നാൽ താൻ മുസ്‌ലിമായത് തന്റെ ബന്ധുക്കളെ അറിയിക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല. എന്താണ് അവരുടെ വിധി | ഒരാൾ മുസ്‌ലിമായത് അയാൾ ആരെയും അറിയിക്കണം എന്ന് നിർബന്ധം ഇല്ല. അത് അവനും അല്ലാഹുവിനും ഇടയിലുള്ള കാര്യമാണ്. |
| ഇസ്‌ലാമിലെ ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥം ഏതാണ്? | ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥം പരിശുദ്ധ ക്വുർആൻ ആണ്.<br>അത് അല്ലാഹുവിന്റെ വചനങ്ങളാണ്. |
| ക്വുർആനില സുപ്രധാനമായ അധ്യായം ഏതാണ് | ഏറ്റവും സുപ്രധാനമായ അധ്യയം സൂറത്തുൽ ഫാതിഹയാണ്. അതിനാലാണ് നിസ്കാരത്തിലെ എല്ലാ റക്അത്തുകളിലും അത് നാം പാരായണം ചെയ്യുന്നത്. |
| ക്വുർആനില സുപ്രധാനമായ സൂക്തം ഏതാണ് ? | ക്വുർആനിലെ സുപ്രധാനമായ സൂക്തം ആയത്തുൽ കുർസിയ്യ് ആണ്. |

| ചോദ്യം | ഉത്തരം |
| --- | --- |
| എനിക്ക് എങ്ങനെ ക്വുർആൻ പാരായണം പഠിക്കാൻ സാധിക്കും? | ക്വുർആൻ പാരായണം ചെയ്തു പഠിക്കണം. ശൈഖ് ഹുദൈഫി, ശൈഖ് ഹുസൈരി മുതലായവരുടെ പാരയണങ്ങൾ ശ്രദ്ധിച്ച് കേട്ട് പഠിക്കണം. |
| ക്വുർആൻ എങ്ങനെയാണ് ഞാൻ മനസ്സിലാക്കുക? | മഹാ പണ്ഡിതൻമാരുടെ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലൂടെ അത് നിനക്ക് പഠിച്ചു മനസ്സിലാക്കാൻ സാധിക്കും |
| ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ എവിടെ ലഭിക്കും | മദീനയിലെ കിംഗ് ഫഹദ് ക്വുർആൻ പ്രിന്റിങ്ങ് കോംപ്ലക്സിൽ നിന്നും |
| ക്വുർആൻ പാരായണത്തിന് ശേഷം ഞാൻ എന്താണ് ശ്രദ്ധിക്കേണ്ടത്? | നബിയിൽ നിന്നും സ്ഥിരപ്പെട്ട ഹദീഥുകൾ നീ പഠിക്കണം |
| നബിയുടെ ഹദീഥ് ക്രോഡീകരിച്ച ഗ്രന്ഥങ്ങളിൽ സുപ്രധന ഗ്രന്ഥം ഏതാണ് ? | അത് സ്വഹീഹുൽ ബുഖാരിയാണ്. മുസ്ലിം പണ്ഡിതന്മാർ അതിൽ ഏകാഭിപ്രായക്കാരാണ്. ഈ ലഘു ലേഖയുടെ അവസാന ഭാഗത്ത് നൽകിയ ലിംങ്ക് ഉപയോഗിച്ച് അത് ഡൗൺലോഡ് ചെയ്യാൻ സാധിക്കും. |

| ചോദ്യം | ഉത്തരം |
|---|---|
| ഏറ്റവും സുപ്രധാനമായ ഹദീഥ് ഏതാണ് ? | ഹദീഥ് ജിബ്രീൽ എന്ന പേരിൽ പ്രസിദ്ധമായ നബി വചനമാണ് അത്. മതത്തിന്റെ മൂന്ന് സ്ഥനങ്ങളായ ഇസ്‌ലാം, ഈമാൻ, ഇഹ്സാൻ എന്നിവ വ്യക്തമാക്കി തരുന്ന ഹദീഥാണ് അത്. |
| ഇസ്‌ലാമിക അധ്യാപനങ്ങൾ എനിക്ക് പഠിച്ചെടുക്കാൻ കഴിയുകയില്ല എന്ന് ഞാൻ ഭയപ്പെടുന്നു. | നീ ഭയപ്പെടരുത്; നീ അല്ലാഹുവിൽ ഭരമേൽപ്പിക്കുക. നിന്റെ പരിശ്രമത്തിൽ അല്ലാഹു നിന്നെ സഹായിക്കും. മതം എളുപ്പമാണ്. അല്ലാഹു ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ കാര്യങ്ങൾ പ്രവർത്തിക്കാൻ അവൻ തൗഫീഖ് ചെയ്യട്ടെ.<br><br>ഈ ലഘുലേഖയുടെ അവസാനത്തിൽ നൽകിയ ലിംങ്ക് ഉപയോഗപ്പെടുത്തി ഞങ്ങളുടെ കൂടെ മഅ്ഹദു സ്സുന്നയിൽ നിന്നും വിദൂര വിദ്യാഭ്യാസം വഴി സൗജന്യമായി നിങ്ങൾക്ക് മതം പഠിക്കാം.<br><br>അവസാനമായി പറയാനുള്ളത് നബി പറഞ്ഞ ഒരു ഉപദേശം മാത്രം; നിനക്ക് ഉപകരിക്കുന്നത് ലഭിക്കാനായി നീ അതിയായി ആഗ്രഹിക്കുക, അല്ലാഹുവിനോട് നീ സഹായം തേടുക. നീ ബലഹീനൻ ആകരുത്. |

# മഅ്ഹദു സുന്നയുടെ QR കോഡുകൾ

വെബ്സൈറ്റ്

ഫെയ്സ് ബുക്ക്

ടെലഗ്രാം

ഇൻസ്റ്റഗ്രാം:

ഇൻസ്റ്റാൾ (X )

വാട്സ്ആപ്പ്:

YouTube ൽ:

പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുന്നു: